**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം – വ്യാഴാഴ്ച തോറും**

**ചോദ്യോത്തരവേള Q&A 249**

# രണ്ടും അതിക്രമിക്കുക, മൗനത്തിലൂടെ ആശയവിനിമയം

## Transcend Both, Communication in Silence

ഓം ശ്രീ സായിരാം.
പ്രശാന്തി സന്ദേശം, ചോദ്യോത്തരവേള.

## Q. 249:

**സ്വർഗവും നരകവും**(heaven and hell) സംബന്ധിച്ച ഒരു ചോദ്യം ലഭിച്ചിട്ടുണ്ട്. രണ്ടാമതൊരു ചോദ്യം ലഭിച്ചിട്ടുള്ളത്, **മാസ്റ്റർ എങ്ങനെയാണ് ആശയവിനിമയം നടത്തുക എന്നതാണ്. അവിടുത്തെ ആശയവിനിമയത്തിലെ സൗന്ദര്യം എവിടെയാണ് കിടക്കുന്നത്?**

നമ്മൾ ഈ സ്വർഗനരകങ്ങളെ സംബന്ധിച്ച ചോദ്യം മുമ്പൊരിക്കൽ കൈകാര്യം ചെയ്തതാണ് എന്നു ഞാൻ വിചാരിക്കുന്നു. എന്നിരുന്നാലും, ചോദ്യം ലഭിച്ച നിലയ്ക്ക്, ഒരു വ്യത്യസ്ത കോണിൽനിന്ന് ഇതിന് മറുപടി നൽകേണ്ടത് എന്റെ കടമയാണെന്ന് എനിക്ക് തോന്നുന്നു.



മതങ്ങൾ അതിജീവിച്ചത് എങ്ങനെയെന്ന് നമ്മൾ പഠിക്കുകയാണെങ്കിൽ, അത് നമ്മുടെ ഭയവും സ്വാർത്ഥവും മൂലമാണ് എന്ന് നമുക്ക് നിരീക്ഷിക്കാനാവും. മറ്റ് രീതിയിൽ പറയുകയാണെങ്കിൽ, അതൊരു വ്യാജ മത(false religion)മായി കാണപ്പെടുന്നു. വാസ്തവം പറഞ്ഞാൽ, ശരിയായ മതത്തിന് ഭയവും സ്വാർത്ഥവുമായി ബന്ധമൊന്നുമില്ല. വാസ്തവത്തിൽ, ശരിയായ മതം എന്നത് ഭയത്തെയും സ്വാർത്ഥത്തെയും അതിക്രമിക്കുകയാണ്. ഭയവും ലോഭവും രണ്ട് കാര്യങ്ങളല്ല-അവ ഒന്നാണ്. തലയുയർത്തിപ്പിടിക്കുന്ന ഭയം ലോഭമായിത്തീരുന്നു. അവ കേവലം ഒരേ ഊർജ്ജമാകുന്നു, അഥവാ ഒരേ ഊർജ്ജദണ്ഡിന്റെ രണ്ട് ധ്രുവങ്ങളാകുന്നു.

നരകം എന്നത് ഭൂമിശാസ്ത്രപരമല്ല. അത് മന:ശാസ്ത്രപരമാണ്. അത് ഭൂമിക്കടിയിലുള്ള ഏതോ സ്ഥലമല്ല. നിങ്ങൾക്കത് ഒരിടത്തും കണ്ടെത്താനാവില്ല, സ്വർഗവും ഇതേപോലെ ഇല്ല. അത് നിങ്ങളുടെ ലോഭം തൃപ്തിപ്പെടുത്താനാണ്. നിങ്ങളിൽ ഭയം(fear) സൃഷ്ടിക്കുന്നതിനായാണ് നരകം, നിങ്ങളിൽ ലോഭം(greed) സൃഷ്ടിക്കുന്നതിനായാണ് സ്വർഗം. മുഖവിലയ്ക്ക് ഇവ രണ്ടും ഇങ്ങനെയെടുത്താൽ മതി.

റാബിയ എന്നു പേരുള്ള ഒരു സൂഫി സിദ്ധയെപ്പറ്റി ഞാൻ ഓർക്കുകയാണ്. ഒരു ദിവസം, അവൾ ഒരു കൈയിൽ കത്തുന്ന ഒരു തീപ്പന്തവും മറു കൈയിൽ ഒരു കുടം നിറയെ വെള്ളവും കൊണ്ട് ചന്തയിലൂടെ ഓടുന്നതാണ് കണ്ടത്. ആളുകൾ അവളെ തടഞ്ഞുനിർത്തി ആരാഞ്ഞു, "നീ എന്താണീ ചെയ്യുന്നത്? നീ എവിടെ പോവുന്നു? നിനക്ക് അൽപം കിറുക്കുണ്ടെന്ന് ഞങ്ങൾ കേട്ടിട്ടുണ്ട്, പക്ഷേ ഇത് അതിര് കടക്കുന്നുണ്ട്."

റാബിയ ഇപ്രകാരം മറുപടി പറഞ്ഞു, "എന്നെ തടയേണ്ട. ഞാൻ നിങ്ങളുടെ സ്വർഗത്തിന് തീ വയ്ക്കാൻ പോവുകയാണ്. ഈ പന്തം അതിനുവേണ്ടിയാണ്, പിന്നെ ഞാൻ നിങ്ങളുടെ നരകത്തെ വെള്ളത്തിൽ മുക്കാനും പോവുകയാണ്. ഈ വെള്ളം



അതിനുവേണ്ടിയാണ്. നിങ്ങളുടെ സ്വർഗത്തെയും നരകത്തെയും നിങ്ങളിൽ നിന്ന് എടുത്തു കളഞ്ഞില്ലെങ്കിൽ, നിങ്ങൾ ഈശ്വരനെ കാണാൻ പോവുന്നില്ല, എന്തുകൊണ്ടെന്നാൽ ഭയത്തിൽ ജീവിക്കുന്നവരാൽ, സ്വാർത്ഥത്തിൽ ജീവിക്കുന്നവരാൽ, ഈശ്വരനെ കാണാനാവില്ല."

എത്ര അതിശയകരമായ സന്ദേശമാണ്! അതെ, അതങ്ങനെയാണ്.

ഇനി, സ്വർഗവും നരകവും എവിടെയോ ഉള്ള സ്ഥലങ്ങളല്ല. പക്ഷേ എന്നിരുന്നാലും, അവ തികച്ചും വ്യത്യസ്തമായ രീതിയിൽ നിലനിൽക്കുന്നുണ്ട്. അവ നിങ്ങളുടെ ഉള്ളിൽ നിലനിൽക്കുന്നു. നിങ്ങൾ ദേഷ്യത്തിലാവുമ്പോൾ, നിങ്ങൾ നരകത്തിലാവുന്നു. ഇത് മന:ശാസ്ത്രമാണ്, ഭൂമിശാസ്ത്രമല്ല. നിങ്ങൾ പ്രേമത്തിലാവുമ്പോളൊക്കെ, നിങ്ങൾ സ്വർഗത്തിലാവുന്നു. അതും മന:ശാസ്ത്രമാകുന്നു, ഭൂമിശാസ്ത്രമല്ല.

പാശ്ചാത്യ മതങ്ങൾക്ക് രണ്ട് ലോകങ്ങളേ അറിയൂ- സ്വർഗവും നരകവും, അത്ര മാത്രം. എന്നാൽ, കിഴക്കിന് ഒരു മൂന്നാം ലോകവുമുണ്ട്, അതാണ് മോക്ഷം, അർത്ഥം സ്വർഗത്തിൽനിന്നും നരകത്തിൽനിന്നും കേവല സ്വാതന്ത്ര്യം എന്നാണ്. അതിനർത്ഥം, മന:ശാസ്ത്രത്തെയും അതിക്രമിക്കുക എന്നാണ്. അവിടെ ഭയമില്ല, സ്വാർത്ഥമില്ല, മനസ്സ് ഇല്ല, പൊടുന്നനെ നിങ്ങൾ അനശ്വരത്വത്തിന്റെ, അമരത്വത്തിന്റെ ലോകത്തേക്ക് പ്രവേശിക്കുന്നു, അത് ഈശ്വരന്റെ ലോകമാകുന്നു.



അതുകൊണ്ട്, നിങ്ങൾ നിങ്ങളുടെ നരകത്തെ ഉള്ളിൽ വഹിക്കുന്നു, നിങ്ങൾ നിങ്ങളുടെ സ്വർഗത്തെ ഉള്ളിൽ വഹിക്കുന്നു. ഓരോ നിമിഷവും നരകത്തിലാണോ സ്വർഗത്തിലാണോ എന്നത് നിങ്ങളെ ആശ്രയിച്ചിരിക്കുന്നു.

ഒരു ദിവ്യനുണ്ടായിരുന്നു, അദ്ദേഹം ഒരിക്കലും ദു:ഖിതനായി കാണപ്പെട്ടിട്ടില്ല. അദ്ദേഹത്തിന് ഏതാണ്ട് 90 വയസ്സിനടുത്ത് പ്രായമായി, പക്ഷേ അദ്ദേഹം സദാ സന്തോഷവാനായിരുന്നു, എപ്പോഴും ഉന്മേഷഭരിതനായിരുന്നു, ആനന്ദഭരിതനായ ഒരു കൊച്ചു കുട്ടിയെ പോലെ സദാ സന്തോഷം കുമിള പൊട്ടുന്നയാളായിരുന്നു അദ്ദേഹം. ആളുകൾ ഒത്തുകൂടി അദ്ദേഹത്തിന്റെ തൊണ്ണൂറാം ജന്മദിനം ആഘോഷിക്കുകയുണ്ടായി, ഇതാവും ഒരു പക്ഷേ അവസാനത്തേത് എന്നായിരുന്നു അവരുടെ ചിന്ത. അതുകൊണ്ട് അദ്ദേഹത്തിന്റെ ശിഷ്യരെല്ലാം വിദൂരദേശങ്ങളിൽനിന്നും എത്തിച്ചേർന്നിരുന്നു.

അവർ അദ്ദേഹത്തോട് തിരക്കി, “അങ്ങ് താമസിയാതെ ഞങ്ങളെ വിട്ടുപോകുമല്ലോ, ഒരു ചോദ്യം മാത്രമാണ് ഞങ്ങൾക്ക് ഉള്ളത്. അങ്ങയുടെ ശരീരം വയസ്സായി വരികയാണ്. അങ്ങ് ഞങ്ങളെ വിട്ടുപോകുന്നതിനു മുമ്പ്, ദയവായി ഞങ്ങളുടെ ഈ അന്വേഷണത്തിന് മറുപടി തന്നാലും. അങ്ങയുടെ സന്തോഷത്തിന്റെ രഹസ്യം എന്താണ്? ആരുംതന്നെ അങ്ങയെ വിഷമിച്ച് കണ്ടിട്ടില്ല.”

ആ വൃദ്ധൻ ചിരിച്ചു. അദ്ദേഹം പറഞ്ഞു, “ഇതിൽ വലിയ രഹസ്യം ഒന്നുമില്ല. എന്റെ ജീവിതാരംഭത്തിൽ തന്നെ ഞാൻ കണ്ടെത്തുകയുണ്ടായി, നരകത്തിലാവണോ സ്വർഗത്തിലാവണോ എന്ന് തീരുമാനിക്കുന്നത് ഞാൻ തന്നെയാണെന്ന്. അതുകൊണ്ട്, എന്നും രാവിലെ ഉണരുമ്പോൾ, ഞാൻ എന്നോടു തന്നെ ചോദിക്കും, “ഇന്ന് നിനക്ക് എന്തു വേണം-സ്വർഗമോ നരകമോ? ഞാൻ എല്ലായ്പോഴും സ്വർഗം തെരഞ്ഞെടുക്കും. ഇതാണാ ലളിതമായ രഹസ്യം.” അതുകൊണ്ട്, നരകത്തിലാവണോ സ്വർഗത്തിലാവണോ എന്നത് നിങ്ങൾക്ക് വിട്ടുതന്നിരിക്കുന്ന കാര്യമാണ്.

ചില ആളുകൾ പറയുന്നത്, നിങ്ങൾ സ്വർഗത്തിലാണ് എത്തുന്നതെങ്കിൽ അവിടെ എ.സി.യൊക്കെയുണ്ട്, അവിടെ നിങ്ങൾക്ക് നല്ല സുഖമാവും എന്നൊക്കെയാണ്. ഇതെല്ലാം കൽപിതകഥയാണ്, അതെ. അതുകൊണ്ട്, നമുക്ക് നമ്മുടെ സ്വന്തം സ്വർഗം സൃഷ്ടിക്കാനാവും. നമുക്ക് നമ്മുടെ നരകവും സൃഷ്ടിക്കാനാവും. അത് നമ്മുടെ ഇഷ്ടമാണ്.

സ്വർഗവും നരകവും യാഥാർത്ഥ്യങ്ങളല്ല, നേരെ മറിച്ച് ജീവിതരീതികളാവുന്നു. നിങ്ങൾക്ക് അസൂയയിൽ ജീവിക്കാനാവും, ചില ആളുകൾ അങ്ങനെയാണ് ജീവിക്കുക. നിങ്ങൾക്ക് മാത്സര്യത്തിൽ ജീവിക്കാനാവും. നിങ്ങൾക്ക് സംഘർഷത്തിൽ ജീവിക്കാനാവും. നിങ്ങൾക്ക് ഉൽകർഷേച്ഛയിൽ ജീവിക്കാനാവും. അപ്രകാരമൊക്കെ ജീവിച്ചാണ് നിങ്ങൾ വളർന്നത്. ഇത് നരകത്തിലേക്കുള്ള പാതയാണ്.

മറ്റൊരു ചെറിയ കഥയിതാ. ഒരു ചക്രവർത്തി ഒരു സെൻ മാസ്റ്ററെ സമീപിച്ച് അദ്ദേഹത്തോട് ചോദിച്ചു, "എന്താണ് നരകം? എന്താണ് സ്വർഗം?"

സെൻ മാസ്റ്റർ ചക്രവർത്തിയെ നോക്കിയിട്ട് പറഞ്ഞു, "അങ്ങ് ഒരു വിഡ്ഢിയാണെന്ന് തോന്നുന്നു. അങ്ങ് അടുത്ത കാലത്തൊന്നും കണ്ണാടിയിൽ നോക്കാറില്ലേ? ഇത്ര വൃത്തികെട്ട ഒരാളെ ഞാൻ മുമ്പ് ഒരിക്കലും കണ്ടിട്ടില്ല."

ചക്രവർത്തി കുപിതനായി. അദ്ദേഹത്തിന് വലിയ ദേഷ്യമായി. അതുപോലെ വലിയ ഒരു സിദ്ധനിൽനിന്ന് അത്തരമൊരു കാര്യം അദ്ദേഹം പ്രതീക്ഷിച്ചിരുന്നില്ല. "വലിയ സിദ്ധന്മാരെ അങ്ങയ്ക്ക് അറിയില്ല. നിസ്സാരരായ ദിവ്യന്മാരെ മാത്രമേ അങ്ങയ്ക്ക് അറിയൂ. ഒരു യഥാർത്ഥ സിദ്ധൻ ഒരു പൂച്ചയല്ല. അയാൾ ഒരു കടുവയാണ്."



ചക്രവർത്തിക്ക് ദേഷ്യം വന്നു, അദ്ദേഹം വാളുറയിൽനിന്ന് തന്റെ വാൾ വലിച്ചൂരിയെടുത്തു. അദ്ദേഹം മാസ്റ്ററുടെ തല വെട്ടാൻ ഒരുങ്ങുകയായിരുന്നു. ജനക്കൂട്ടം അരികത്തേക്ക് വരുമ്പോൾ, മാസ്റ്റർ പറഞ്ഞു, "നിൽക്ക്, നിൽക്ക്! നീ നരകത്തിലേക്ക് പ്രവേശിക്കുകയാണ്. നീ നരകത്തിലേക്ക് പ്രവേശിക്കുകയാണ്. ഇത് നരകത്തിലേക്കുള്ള ഗേറ്റാണ്."

ഇതിനർത്ഥം കോപം നരകത്തിലേക്കുള്ള ഗേറ്റാണ് എന്നാണ്. "നിൽക്ക്" എന്ന് മാസ്റ്റർ പറഞ്ഞത് അത്രമാത്രം ശക്തമായിട്ടായിരുന്നു, ചക്രവർത്തിയുടെ കൈയ് പാതിവഴിക്ക് നിന്നുപോയി, അദ്ദേഹത്തിന് മനസ്സിലായി. അത് സത്യമായിരുന്നു. അദ്ദേഹം വാൾ ദൂരെയെറിഞ്ഞു. അദ്ദേഹം മാസ്റ്ററുടെ കാൽക്കൽ വീണു. മാസ്റ്റർ ചിരിച്ചിട്ട് പറഞ്ഞു, "ഇതാണ് സ്വർഗത്തിലേക്കുള്ള പാത. ഒരു ഞൊടിയിടയ്ക്കകം അങ്ങ് രണ്ടും അനുഭ

വിച്ചിരിക്കുന്നു. ദൂരം അത്രയധികമില്ല. അങ്ങ് അസ്തിത്വത്തിന് അടിയറവു പറയുമ്പോൾ, അങ്ങ് പ്രതീക്ഷയോടെ, സ്നേഹത്തോടെ, പ്രാർത്ഥനയോടെ, ആനന്ദത്തോടെ, ആഘോഷത്തോടെ ജീവിക്കുമ്പോൾ, നിങ്ങൾ സ്വർഗത്തിലാണ്.''

അതുകൊണ്ട്, രണ്ടിനും മീതെ പോകാനായി നമ്മുടെ മാസ്റ്റർ നിങ്ങളെ സഹായിക്കും, എന്തുകൊണ്ടെന്നാൽ സ്വർഗത്ത് വസിക്കുന്ന വ്യക്തി ഏതു നിമിഷം വേണമെങ്കിലും നരകത്തിലേക്ക് പതിക്കാം. അവ അത്ര അകലത്തൊന്നുമല്ല. വാസ്തവത്തിൽ, അവ വളരെ അടുത്തടുത്താണ്. രണ്ടിനുമിടയ്ക്ക് ഒരു ചെറിയ വേലി മാത്രമേയുള്ളൂ, അതാണെങ്കിൽ കീറിപ്പറിഞ്ഞതും, കാരണം അത് വളരെ പഴയതാണ്, ആരാണത് നന്നാക്കുക എന്ന് നൂറ്റാണ്ടുകളായി തർക്കമാണ്!

സാത്താൻ ഒരുക്കമല്ലായിരുന്നു. എന്തിന് അതെപ്പറ്റി അവൻ തല പുണ്ണാക്കണം, കാരണം ആരുംതന്നെ നരകത്തിൽ പ്രവേശിക്കാൻ തത്പരരല്ല. നരകത്തിലെ ആളുകൾ സ്വർഗത്തിൽ പ്രവേശിക്കുകയെന്നത് ദൈവത്തിന്റെ കാര്യമാണെങ്കിൽ, ദൈവം അത് റിപ്പയർ ചെയ്യണം. എന്നാൽ ദൈവം ഒരു പിശുക്കനാണ്, അങ്ങനെ ഇരുവരും തമ്മിൽ തർക്കിച്ചുകൊണ്ടിരുന്നു.

ഒരു ദിവസം ഇപ്രകാരം സംഭവിച്ചു, ദൈവം പറഞ്ഞു, ''നിന്റെ ആളുകൾ ശരിക്കും നശിപ്പിച്ച ഈ വേലി നമ്മൾ റിപ്പയർ ചെയ്തില്ലെങ്കിൽ, അത് ഒന്നും ചെയ്യാത്ത എന്റെ ആളുകൾക്ക് ശല്യമാണ്, അതുകൊണ്ട് ഞാൻ കോടതിയെ സമീപിക്കാൻ പോവുകയാണ്.''

സാത്താൻ പറഞ്ഞു, ''താങ്കൾക്ക് പോവാം, പക്ഷേ താങ്കൾ എവിടെനിന്ന് ഒരു വക്കീലിനെ കണ്ടുപിടിക്കും? അവരെല്ലാവരും നേരത്തേതന്നെ എന്റെ വശത്താണ്. അതുകൊണ്ട് കോടതിയെ സമീപിച്ചോളൂ, കോടതിയെ സമീപിച്ചോളൂ!''

എത്ര തമാശയാണീ കഥ! സ്വർഗവും നരകവും ഇവിടെത്തന്നെയാണ് എന്നാണ് ഇത് പ്രതിഫലിപ്പിക്കുന്നത്. നിങ്ങൾ സമൃദ്ധിയിൽ ജീവിക്കുമ്പോഴും നിങ്ങൾ ദാരിദ്ര്യത്തിലാണ് കഴിയുമ്പോൾ നിങ്ങളുടെ മനോനിലയാകുന്നു നരകം എന്നത്. ജീവിതം അത്രമേൽ ഒരു അനുഗ്രഹം ആയിട്ടുകൂടി, നിങ്ങൾ ദു:ഖത്തിൽ ജീവിക്കുന്നു. പൂക്കൾ വിടർന്നു നിൽക്കുമ്പോഴും, നിങ്ങൾ വിടരുന്നില്ല. നക്ഷത്രങ്ങൾ തിളങ്ങുമ്പോൾ, നിങ്ങൾ തിളങ്ങുന്നില്ല. മേഘങ്ങൾ ഗഗനത്തിൽ സ്വതന്ത്രമായി ഒഴുകിനടക്കുമ്പോളും, നിങ്ങൾ സ്വാതന്ത്ര്യം ആസ്വദിക്കുന്നില്ല. വിദൂര വനപ്രദേശത്തുനിന്ന് കുയിൽ കൂവുമ്പോൾ, നിങ്ങൾ ബധിരനായിരിക്കുന്നു. മയിൽ നൃത്തം വയ്ക്കവേ, നിങ്ങൾ നൃത്തം ചെയ്യുന്നില്ല. ഇതാണ് നരകം, നിങ്ങളാണതിന്റെ സൃഷ്ടാവ്. നിങ്ങളാണ് സൃഷ്ടാവ്. അപ്പോൾ, ഇതാണ് സ്വർഗവും നരകവും. ഞാൻ വ്യക്തമാക്കിയെന്ന് കരുതുന്നു.

**Q:** **ഇനി മറ്റൊരു ലളിതമായ ചോദ്യം. എപ്രകാരമാണ് മാസ്റ്റർ ആശയവിനിമയം നടത്തുന്നത്? അവിടുത്തെ കമ്യൂണിക്കേഷന്റെ സൗന്ദര്യം എന്തിലാണ്?**

ഗുരുവും ശിഷ്യനും തമ്മിലുള്ള ബന്ധം ഒരു പ്രേമബന്ധമാണ്. അത് യുക്തിപരമല്ല. അത് യുക്തിപരമല്ല. നിങ്ങൾ ഒരു വ്യക്തിയെ സ്നേഹിക്കുമ്പോൾ, ആ വ്യക്തിയുടെ സമഗ്രതയെയാണ് നിങ്ങൾ സ്നേഹിക്കുന്നത്. അയാളെന്താണോ അങ്ങനെതന്നെയാണ് നിങ്ങൾ സ്നേഹിക്കുന്നത്. അതുകൊണ്ട്, ഒരു മാസ്റ്റർക്കൊപ്പം ഉണ്ടാവുന്നതിന് ഒരേയൊരു മാർഗം എന്നത് അവിടുന്നുമായി മുഴുപ്രണയത്തിലാവുക എന്നതാണ്.

അതിനാൽ, നിങ്ങൾ മാസ്റ്ററെ സംബന്ധിച്ച ഓരോന്നും ഇഷ്ടപ്പെടാൻ തുടങ്ങുന്നു. അതെ, ഓരോന്നും. തീർച്ചയായും, അവിടുത്തെ സൗന്ദര്യത്തെ, മഹിമയെ, അവിടുത്തെ ജ്ഞാനത്തെ സ്നേഹിക്കുന്നത് എളുപ്പമാണ്, പക്ഷേ അത് പോരാ, നിങ്ങൾ അവിടുന്നിനെ മൊത്തത്തിൽ, പൂർണമായി, നിരുപാധികമായി സ്നേഹിക്കാത്തിടത്തോളം.

തീർച്ചയായും മാസ്റ്റർക്ക് അവിടുത്തേതായ പ്ലാനുകളുണ്ടാവും, നിങ്ങളുടെ നന്മയ്ക്കായി അവിടുത്തേതായ ഉപായങ്ങളുണ്ടാവും. അതുകൊണ്ട് നമുക്ക് സഹിക്കാനും മാസ്റ്ററുടെ പ്രേമത്തിന് അർഹരാണെന്ന് സ്വയം തെളിയിക്കാനും കഴിയണം. മാസ്റ്ററുടെ കൈകളിലെ ഓരോന്നും ഒരു ഉപായമാണ്. ഇത് ഓർക്കുക. അതിനപ്പുറം വളരാനായി നിങ്ങൾ ആ ഉപായം ഉപയോഗിക്കേണ്ടിയിരിക്കുന്നു.

സ്വാമി നിങ്ങളെ പരീക്ഷിക്കുന്നു. അവിടുന്ന് പറയുന്നു, "പരീക്ഷ എനിക്കിഷ്ടമാണ്."(Test is my taste).

എന്തിന് പരീക്ഷിക്കുന്നു? നിങ്ങൾ വിജയിയാവുന്നു എന്ന് കാണുന്നതിന്. ഭഗവാനാൽ നിങ്ങൾക്ക് നൽകപ്പെട്ട ഈ പരീക്ഷയിൽ നിങ്ങൾ വിജയിയാവുന്നു എന്ന്



കാണുന്നതിനാണത്. അതുകൊണ്ട് നാം ഈ ഉപായത്തെ നമ്മുടെ യോഗ്യത തെളിയിക്കാനുള്ള ഒരു അവസരമായി എടുക്കണം. അതെ.

അതുകൊണ്ട്, മാസ്റ്റർ വ്യത്യസ്തനാകുന്നു. മാസ്റ്റർ മനസ്സിന്റെ തലത്തിനും അതീതനായാണ് പ്രവർത്തിക്കുക. മാസ്റ്റർക്കും മനസ്സിനും തമ്മിലുള്ള അകലം വളരെ, വളരെയാണ്. അതിനാൽ, അവിടുന്ന് എന്തുതന്നെ പഠിപ്പിച്ചാലും അത് മൗനത്തിലാണ് അറിയാനാവുക. ഒരു ഭാഷയ്ക്കും അത് പ്രകടിപ്പിക്കാനാവില്ല.

അതിനാൽ, തുടക്കം തൊട്ടേ മാസ്റ്ററുടെ താത്പര്യം മനസ്സിനെ അതിക്രമിക്കാനായി നമ്മെ സഹായിക്കാനാണ്. ചരിത്രത്തിന് സഹായിക്കാനാവില്ല, ഭൂമിശാസ്ത്രത്തിനോ ഗണിതത്തിനോ ഏതെങ്കിലും ഭാഷയ്ക്കോ പറ്റില്ല. തീർച്ചയായും ഭഗവാൻ ബാബ നമ്മോട് സംസാരിക്കുന്നു, പകരാനാവാത്തതെന്തോ നമുക്ക് പകരുന്നു, അവിടുത്തേതായ അനനുകരണീയമായ ശൈലിയിലൂടെ, പ്രകടിപ്പിക്കാനാവാത്ത ഒന്ന് പ്രകടമാക്കുന്നു, പറയാനാവാത്തത് അവിടുത്തേതായ രീതിയിൽ, പറഞ്ഞുകൊണ്ട്, അവിടുത്തെ മുദ്രകളിലൂടെ.

വാസ്തവത്തിൽ നമുക്ക് ഈ രീതിയിൽ അവസാനിപ്പിക്കാം. നാം തയ്യാറാവേണ്ടിയിരിക്കുന്നു, എന്തുകൊണ്ടെന്നാൽ മാസ്റ്റർ പറയാൻ ആഗ്രഹിക്കുന്നതെന്തോ അത് മൗനത്തിൽ മാത്രമേ പറയാനാവൂ-ഞാൻ ആവർത്തിക്കട്ടെ, മൗനത്തിൽ.

നിങ്ങൾക്ക് നന്ദി.



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)